Page 1 of 1

ഉത്തരം

(എ) വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തൃശ്ശൂർ ഡി.റ്റി.പി.സി.-യുടെ മേൽനോട്ടത്തിൽ തയ്യാറാക്കിവരുന്നുണ്ട്.

(ബി) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ആസ്വദിക്കാവുന്ന രീതിയിലാണ് ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തുമ്പൂർമൂഴി-ഏഴാറ്റുമുഖം തൂക്കുപാലം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത സ്ഥലം വനം വകുപ്പിന്റെ അധീനതയിലായതിനാൽ ഇതിന് വനം വകുപ്പിന്റെ കൂടി അനുമതി ലഭിക്കേണ്ടതുണ്ട്.

**ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി**

**246 (6951)** <u>**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് പൊന്നാനി ബിയ്യം കായലിന് സമീപം നടപ്പാക്കുന്ന "ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി"യുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി എന്നു തുടങ്ങാനാകുമെന്ന് വിശദമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രമായി ബിയ്യം കായലിൽ വരുന്ന പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പള്ളാത്തുരുത്തി, നെടുമുടി പ്രദേശങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകൾ**

**247 (6952)** <u>**ശ്രീ. തോമസ് ചാണ്ടി**</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ കുട്ടനാട്ടിലെ പള്ളാത്തുരുത്തി, നെടുമുടി പ്രദേശങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വട്ടക്കായലിലും കരുമാടി വിളക്കുമരം ഭാഗത്തും നൈറ്റ് ഹാൾട്ട് ടെർമിനലുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly